# പത്രക്കുറിപ്പ്

തിരുവനന്തപുരം നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സുഗമമായ വാഹനയാത്ര ഉറപ്പ് വരുത്തുന്നതിനും തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് താഴെ പറയുന്ന ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ആയതിനാൽ 01.03.2017 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ രാവിലെ 08.30 മണി മുതൽ 11.00 മണിവരേയും ഉച്ചയ്ക്ക് ശേഷം 03.30 മണി മുതൽ 06.30 മണിവരേയും ഏർപ്പെടുത്തുന്ന ഗതാഗത നിയന്ത്രണങ്ങളോട് പൊതുജനങ്ങളും വാഹനയാത്രക്കാരും സഹകരിക്കേണ്ടതാണ്.

01. ജഗതി ഭാഗത്തുനിന്നും മേലാറന്നൂർ ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ പൂജപ്പുര ട്രാഫിക് റൗണ്ട് ചുറ്റി തിരികെ വന്ന് മേലാറന്നൂർ ഭാഗത്തേയ്ക്ക് ഫ്രീലെഫ്റ്റായി പോകേണ്ടതാണ്. അതായത് ജഗതി പൂജപ്പുര മെയിൻ റോഡിൽ നിന്നും മേലാറന്നൂർ ഭാഗത്തേയ്ക്ക് ഒരു വാഹനവും വലതുവശം തിരിഞ്ഞ് പോകുവാൻ പാടുള്ളതല്ല.
02. കരമന ഭാഗത്ത് നിന്നും ജഗതി ഭാഗത്തേയ്ക്ക് പോകുന്ന ചെറിയ വാഹനങ്ങൾ കുഞ്ചാലുംമൂട് എൻ.ജി.ഓ ക്വാർട്ടേഴ്സ് വഴി മേലാറന്നൂർ ജംഗ്ഷനിലെത്തി ഇടതുവശം സൈഡ് റോഡുവഴി തിരിഞ്ഞ് അനന്തപുരി ആഡിറ്റോറിയം ജംഗ്ഷൻ വഴി ജഗതിയിലേയ്ക്ക് പോകേണ്ടതാണ്. മേലാറന്നൂർ ജംഗ്ഷൻ മുതൽ അനന്തപുരി ജംഗ്ഷൻ വരെയുള്ള റോഡ് മേലാറന്നൂർ ഭാഗത്തു നിന്നും ജഗതി ഭാഗത്തേയ്ക്ക് മാത്രമായി വൺ വേ ആയി ഉപയോഗിക്കേണ്ടതാണ്.
03. മേലാറന്നൂർ ജംഗ്ഷനിൽ നിന്നും ഒരു വാഹനത്തേയും പൂജപ്പുരയിലേയ്ക്കോ ജഗതി പാലം റോഡിലേയ്ക്കോ കടത്തി വിടുന്നതല്ല.

04. മേലാറന്നൂർ ജംഗ്ഷനിൽ നിന്നും പൂജപ്പുര, കരമന ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ മേലാറന്നൂർ ജംഗ്ഷനിൽ നിന്നും വലത് വശം തിരിഞ്ഞ് എൻ.ജി.ഒ ക്വാർട്ടേഴ്സ്, കുഞ്ചാലുംമൂട് വഴി പോകേണ്ടതാണ്.

05. പൂജപ്പുര മണ്ഡപം റോഡ് ജഗതി ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾക്ക് മാത്രം പ്രവേശനമുള്ള വൺ വേ ആയിരിക്കും. പൂജപ്പുര ഭാഗത്ത് നിന്നുള്ള വാഹനങ്ങൾ മണ്ഡപം റോഡിലേക്ക് നേരിട്ട് പ്രവേശിക്കാതെ പൂജപ്പുര റൗണ്ട് ചുറ്റി ജെയിൽ ഹെഡ്ക്വാർട്ടേഴ്സിന്റെ മുന്നിൽ നിന്ന് വലതു വശം തിരിഞ്ഞ് മണ്ഡപം റോഡിലേയ്ക്ക് പ്രവേശിക്കേണ്ടതാണ്.

06. മുടവൻമുഗൾ ഭാഗത്ത് നിന്നും പാങ്ങോട് ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ പൂജപ്പുര ജംഗ്ഷനിലെത്തി ട്രാഫിക് റൗണ്ട് ചുറ്റി പോകേണ്ടതാണ്. അതായത് 01.03.2017 മുതൽ മുടവൻമുഗൾ ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾ വലത്തേയ്ക്ക് തിരിഞ്ഞ് പോകുവാൻ പാടുള്ളതല്ല.

07. കരമന സി.ഐ.റ്റി റോഡിൽ നിന്നും കരമന മസ്ജിദ് റോഡിൽ നിന്നും വരുന്ന വലിയ വാഹനങ്ങൾ കുഞ്ചാലുംമൂട് വഴി പൂജപ്പുര ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങൾക്കും താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**0471-2558731, 2558732**


പോലീസ് ഇൻസ്പെകടർ
ട്രാഫിക് നോർത്ത് ഡിവിഷൻ
തിരുവനന്തപുരം സിറ്റി.